കലാപ്രതിഭ, കലാതിലകം സ്ഥാനത്തിന് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

35 [1436] ശ്രീ. എം. എം. ഹസ്സൻ :
,, ടി. യു. രാധാകൃഷ്ണൻ :
,, എ. സുജനപാൽ:
,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരിൽ നടന്ന സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ കലാതിലകം, കലാപ്രതിഭ എന്നീ പട്ടങ്ങൾ കിട്ടിയത് ആർക്കെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യുവജനോത്സവത്തിൽ പോയിന്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആൺകുട്ടികളുടെ വിഭാഗത്തിലും പെൺകുട്ടികളുടെ വിഭാഗത്തിലും ആദ്യത്തെ പത്ത് സ്ഥാനങ്ങളിൽ എത്തിയവരുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ലിസ്റ്റനുസരിച്ച് എത്രാമത് സ്ഥാനത്തെത്തിയവരെയാണ് കലാതിലകം, കലാപ്രതിഭാസ്ഥാനങ്ങൾക്ക് അർഹരായവരായി പ്രഖ്യാപിക്കപ്പെട്ടത്?

ഉത്തരം

(എ) കാസറഗോഡ് ജില്ലയിലെ ഉദിനൂർ ഹയർ സെക്കണ്ടറി സ്കൂളിലെ ആതിര, ആർ. നാഥ് ആണ് കലാതിലകമായത്. യുവജനോത്സവ മാനുവലിലെ ചട്ടങ്ങൾക്കനുസൃതമായി കലാപ്രതിഭയ്ക്ക് യോഗ്യത നേടിയ ആരുമില്ലായിരുന്നു. അതുകൊണ്ട് ഏറ്റവും കൂടുതൽ പോയിന്റ് നേടിയ (33 പോയിന്റ്) കോട്ടയം ജില്ലയിലെ കല്ലറ സെന്റ് തോമസ് ഹൈസ്കൂളിലെ രാഹുൽ ആർ. നാഥിന് കലാപ്രതിഭയ്ക്ക് നൽകുന്ന എല്ലാ ഉപഹാരങ്ങളും നൽകുകയുണ്ടായി.

(ബി) ഈ വർഷത്തെ യുവജനോത്സവത്തിൽ ലഭിച്ച പോയിന്റിന്റെ അടിസ്ഥാനത്തിൽ ആദ്യ പത്ത് സ്ഥാനങ്ങളിൽ എത്തിയ ആൺകുട്ടികളുടെ ലിസ്റ്റ് അനുബന്ധം -I ലും പെൺകുട്ടികളുടെ ലിസ്റ്റ് അനുബന്ധം -II ആയും ചേർത്തിട്ടുണ്ട്.†

(സി) സംസ്ഥാന സ്കൂൾ യുവജനോത്സവ മാനുവൽ പ്രകാരം നൃത്ത ഇനങ്ങളിലും നൃത്തേതര ഇനങ്ങളിലും 'എ' ഗ്രേഡോടുകൂടി ഒന്നാം സ്ഥാനം ലഭിച്ച് കലാതിലകമായത് പോയിന്റിന്റെ അടിസ്ഥാനത്തിൽ 6-ാം സ്ഥാനത്തുള്ള കുട്ടിയാണ്. ഒന്ന് മുതൽ അഞ്ച് വരെ സ്ഥാനങ്ങൾ നേടിയ കുട്ടികളിൽ ആരും തന്നെ മേൽ സൂചിപ്പിച്ച നിബന്ധനകളുടെ പരിധിയിൽ വന്നിട്ടില്ല. യുവജനോത്സവ മാനുവലിലെ ചട്ടങ്ങൾക്കനുസൃതമായി കലാപ്രതിഭയ്ക്ക് യോഗ്യത നേടിയ ആരും ഇല്ലാത്തതിനാൽ ഏറ്റവും കൂടുതൽ പോയിന്റ് നേടിയ കുട്ടിക്ക് കലാപ്രതിഭയ്ക്കുള്ള ഉപഹാരങ്ങൾ നൽകുകയുണ്ടായി.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly